# ഇമാം മുസ്‌ലിം (رحمه الله)

ഖുറാസാനിലെ നൈസാബൂർ പട്ടണത്തിൽ ഹിജ്റ 204ൽ ജനനം. (206ലാണ് ജനനമെന്നും ചിലർക്ക് അഭിപ്രായമുണ്ട്). അദ്ദേഹത്തിൻെറ മുഴുവൻ പേര് അബുൽ ഹുസൈൻ അസാകിറുദ്ദീൻ മുസ്‌ലിം ഇബ്നുൽ ഹജ്ജാജ് അൽ ഖുശൈരി അന്നൈസാബൂരി എന്നാണ്. പ്രായപൂർത്തിയായതിനുശേഷം മരിക്കുന്നതുവരെ അദ്ദേഹം വല്ലവരേയും അസഭ്യങ്ങൾ പറയുകയോ, അടിക്കുകയോ, പരദൂഷണം പറയുകയോ ചെയ്തിട്ടില്ലെന്ന് ശൈഖ് അബ്ദുൽ അസീസ് ദഹ്‌ലവി തൻെറ ബുസ്താനുൽ മുഹദ്ദിസീൻ എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ത്യാഗം, ഔദാര്യം, സൂക്ഷ്മത, പരോപകാരം, ദൈവഭക്തി എന്നീ ഗുണങ്ങളിൽ ഇമാം മുസ്‌ലിം വന്ദ്യഗുരവായ ഇമാം ബുഖാരിക്ക് തുല്യനായിരുന്നു. ഹദീസുകൾ ശേഖരിക്കുവാനും, സനദുകൾ ശരിപ്പെടുത്തുവാനും വേണ്ടി ശാം, മിസ്റ്, ബസ്വറ, കൂഫ, ബഗ്ദാദ് എന്നീ രാജ്യങ്ങളിൽ പലതവണ യാത്ര ചെയ്തിട്ടുണ്ട്. ഹദീസിൽ വിവിധ വകുപ്പുകളിൽ വളരെയധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ക്രമീകരണത്തിൽ സ്വഹീഹ് ബുഖാരിയേക്കാൾ സ്വഹീഹ് മുസ്‌ലിമിന് ഒന്നാം സ്ഥാനം നൽകിയ പണ്ഡിതൻമാരുണ്ട്. വിഷയങ്ങൾ ക്രമികരിച്ചിട്ടുണ്ടെങ്കിലും അധ്യായങ്ങൾക്ക് തലവാചകം (ഹെഡ്ഡിംഗ്) ഇമാം മുസ്‌ലിം കൊടുത്തിട്ടില്ല. എന്നാൽ ഇന്ന് സ്വഹീഹ് മുസ്‌ലിമിൽ കാണുന്ന തലവാചകങ്ങളെല്ലാം ഇമാം നവവി ഉൾപ്പെടെയുള്ള വ്യഖാതാക്കളുടേതാണ്.

ഹിജ്റ 261 റജബ് 25ന് ഞായറാഴ്ച വൈകുന്നേരം 57-ാം വയസ്സിൽ ഇമാം ഇഹലോകവാസം വെടിഞ്ഞു.

(ഇൻസാഫ് പബ്ലിക്കേഷൻസ് പുറത്തിറക്കിയ സ്വഹീഹ് മുസ്‌ലിമിൽ നിന്ന്)